പിഴ ഈടാക്കുന്നതിന് നിലവിലുള്ള ഭേദഗതിയും വരുത്തിയിട്ടുണ്ട്. സംസ്ഥാന തൊഴിൽ വകുപ്പിന്റെ സേവനങ്ങൾ പൊതുജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാക്കുന്ന പദ്ധതി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.lc.Kerala. gov.in മുഖേന നടപ്പാക്കി. വകുപ്പ് സംസ്ഥാനത്തുടനീളം നടപ്പാക്കിവരുന്ന നിയമങ്ങൾ സംബന്ധിച്ച രജിസ്ട്രേഷൻ, ലൈസൻസ്, പുതുക്കൽ എന്നിവ ഓൺലൈൻ സംവിധാനത്തിലൂടെ പൊതുജനങ്ങൾക്കും മറ്റ് സ്ഥാപനങ്ങൾക്കും ലഭ്യമാണ്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളെ നോക്കുകൂലി വിമുക്ത ജില്ലകളായി പ്രഖ്യാപിച്ചു. അന്യസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യം, ശുചിത്വം എന്നിവ പരിപാലിക്കുന്നതിനും ഉറപ്പുവരുത്തുന്നതിനും സംസ്ഥാന വ്യാപകമായി മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ പരിപാടികളും കാര്യക്ഷമമായി സംഘടിപ്പിച്ചു ബാലവേല സമൂഹത്തിൽനിന്നും നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ, പോലീസ്, ഹൈൽഡ് ലൈൻ ജില്ലാ ഭരണകൂടവുമായി ചേർന്ന് ബാലവേല ദിനത്തിൽ സംസ്ഥാന വ്യാപകമായി ബോധവൽക്കരണ സെമിനാറുകളും സംഘടിപ്പിച്ചു. തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളെ ബാലവേല വിമുക്ത ജില്ലകളായി പ്രഖ്യാപിച്ചു.

(ബി) 31-12-2015-ൽ 5 വർഷം പൂർത്തിയായിട്ടുള്ള 33 മേഖലകളുൾപ്പെടെ 31-7-2016-ന് അഞ്ചുവർഷം പൂർത്തിയാകുന്നതുമായ എല്ലാ മേഖലകളിലെയും മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന്, സർക്കാരിന്റെ 8-10-2014-ലെ സ.ഉ.(കൈ) നമ്പർ 119/2014/തൊഴിൽ ഉത്തരവ് പ്രകാരവും 24-6-2015-ലെ സ.ഉ. (അച്ചടി) നമ്പർ 73/2015/തൊഴിൽ ഉത്തരവ് പ്രകാരവും സബ് കമ്മിറ്റികൾ രൂപീകരിച്ച് നടപടി സ്വീകരിക്കുകയും ഏറെക്കുറെ മേഖലകളിലെ കൂലി പുതുക്കിക്കൊണ്ടുള്ള കരട് പ്രാഥമിക വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത 33 മേഖലകളെ സംബന്ധിച്ചുള്ള വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.

ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

224 (925) ശ്രീ. സി. ദിവാകരൻ :
ശ്രീ. പി.തിലോത്തമൻ :
ശ്രീ. കെ. രാജു :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ 2015-16-ലെ നടത്തിപ്പിനായുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കമ്പനികൾ ഈ ടെണ്ടർ നടപടികളിൽ പങ്കെടുത്തെന്നും ഓരോ കമ്പനിയും ക്വാട്ട് ചെയ്ത പ്രീമിയം തുക എത്ര വീതമാണെന്നും വെളിപ്പെടുത്തുമോ;

ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മറ്റ് ചില സംസ്ഥാനങ്ങളിൽ ഇൻഷ്വറൻസ് പദ്ധതി കാര്യക്ഷമമായി നടത്താത്തതിന്റെ പേരിൽ നടപടി നേരിടുന്ന കമ്പനികൾ ഈ ടെണ്ടറിൽ പങ്കെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരത്തിലുള്ള കമ്പനികളെ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷത്തേക്കായി ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നില്ല. 2013-14 സാമ്പത്തിക വർഷത്തെ ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡിന് 3 വർഷത്തേക്കാണ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടത്തിപ്പിനായി അനുമതി നല്കിയിട്ടുള്ളത്.

(ബി) ബാധകമല്ല.

ഫറോക്ക് ഇ.എസ്.ഐ.ആശുപത്രി

225 (926) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫറോക്ക് ഇ.എസ്.ഐ. ആശുപത്രിയുടെ ചികിത്സാ സൗകര്യം മെച്ചപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫറോക്ക് ഇ.എസ്.ഐ. ആശുപത്രിയിൽ കൂടുതൽ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നിരവധി നടപടികൾ ഇതിനകം കൈക്കൊണ്ടിട്ടുണ്ട്. ഈ ആശുപത്രി സംസ്ഥാന സർക്കാരിനുകീഴിൽ ഒരു മാതൃകാ ആശുപത്രിയായി ഉയർത്താനുള്ള തീരുമാനമെടുത്തു. ഇതിന്റെ ഭാഗമായി 2012-13 വർഷത്തിൽ 46,23,434 രൂപ ചെലവഴിച്ച് അനസ്തേഷ്യ മെഷീൻ, ഇ.സി.ജി. മോണിറ്റർ, CTG മെഷീൻ, ഓപ്പറേഷൻ ടേബിൾ, ഫോട്ടോതെറാപ്പി യൂണിറ്റ്, ആട്ടോക്ലേവ്, മൾട്ടി പാരാമോണിറ്റർ, ആട്ടോറിഫ്രാക്കോമീറ്റർ എന്നീ ഉപകരണങ്ങൾ ഈ ആശുപത്രിക്കുവേണ്ടി വാങ്ങിയിട്ടുണ്ട്. വടക്കൻ ജില്ലകളിലെ പി.പി.-കളുടെ ആശ്രയ കേന്ദ്രമായ ഫറോക്ക് ഇ.എസ്.ഐ. ആശുപത്രിയിൽ CT സ്കാനർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. എച്ച്.ഡി.സി.

LIBRARY ARCHIVES Kerala Legislative Assembly